അധിക വേതനം തിരിച്ചു പിടിക്കാനുള്ള നടപടി

92 (2541) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഇ. എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ യു.ഡി.സി. സ്കെയിൽ നടപ്പാക്കിയപ്പോൾ ക്രമരഹിതമായി പ്രസ്തുത സർവ്വകലാശാലയിലെ ടീച്ചിംഗ് സ്റ്റാഫിന് നൽകിയ തുക തിരിച്ചു പിടിക്കണമെന്ന ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ട് പരിശോധിക്കുന്നതിനും തെറ്റായ യു. ജി. സി. സ്കെയിൽ തിരുത്തുന്നതിനും നിയോഗിച്ച സബ് കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(ബി) ഏത് വിഭാഗത്തിൽപ്പെടുന്ന ടീച്ചിംഗ് സ്റ്റാഫ് ക്രമരഹിതമായി പറ്റിയ തുകയാണ് ആദ്യമായി തിരിച്ചു പിടിക്കാൻ കമ്മിറ്റി തീരുമാനിച്ചത് ;

(സി) അതനുസരിച്ച് ഇതുവരെ എത്രപേർ അധികം വാങ്ങിയ തുക തിരിച്ചു പിടിക്കാൻ ഉത്തരവാകുകയും തിരിച്ചു പിടിക്കുകയും ചെയ്തു ; ഈ സബ്കമ്മിറ്റി തുക തിരിച്ച് പിടിക്കുന്ന കാര്യത്തിൽ ഇതുവരെയും ഒരു നടപടിയും സ്വീകരിക്കാത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സബ്കമ്മിറ്റി അംഗങ്ങൾ :

1. പ്രൊഫ. മുകുന്ദൻ കെ. പി. (ചെയർമാൻ)
2. അഡ്വ. വിദ്യാസാഗർ, സി. എസ്.
3. ഡോ. എഫ്.എം.എച്ച്. ഖലീൽ (അസോസിയേറ്റ് പ്രൊഫസർ)
4. ഡോ. എം. കെ. ഷീല (അസോസിയേറ്റ് പ്രൊഫസർ)
5. രജിസ്ട്രാർ, കെ. എ. യു., കൺവീനർ
6. കംപ്ട്രോളർ, കെ. എ. യു. പ്രത്യേക ക്ഷണിതാവ്

(ബി&സി) സബ്കമ്മിറ്റി റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഇതുവരെ ആരുടേയും തുക തിരിച്ചു പിടിച്ചിട്ടില്ലെന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly